# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 530

2015 മാർച്ച് 10-ാം തീയതി മറുപടി നല്കേണ്ടത്

### കരാറുകാർക്ക് നല്കാനുള്ള കുടിശ്ശിക തുക

**ചോദ്യം** | **ഉത്തരം**

ശ്രീമതി. പി. അയിഷാ പോറ്റി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
| --- | --- |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്; എത്ര നാളത്തെ കുടിശ്ശിക തുകയാണ് നൽകാനുള്ളത്; | ഭരണ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 30.11.2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കുടിശ്ശികയുണ്ട്. |
| ബി) കരാറുകാർക്ക് സർക്കാർ നല്കുന്ന ചെക്കുകൾക്ക് ബാങ്കുകൾ ഡിസ്കൗണ്ട് നല്കുന്ന സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | കരാറുകാരുടെ ബില്ലുകൾ മാറിനൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഈ കാലതാമസം ഒഴിവാകുന്നതിന് സർക്കാർ, ജി.ഒ.(പി) നം. 97/2015/ധന. തീയതി 25.02.2015, എന്ന ഉത്തരവ് പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിരിക്കുന്നു. ഇത് പ്രകാരം കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിതശതമാനം തുക ബാങ്ക് ഡിസ്കൗണ്ട് ചെയ്തതിനുശേഷം കരാറുകാർക്ക് ബാക്കി തുക നല്കുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 25% സർക്കാർ വഹിക്കുന്നതാണ്. |

| | |
|---|---|
| സി) പ്രസ്തുത സമ്പ്രദായ പ്രകാരം തുക മുൻകൂർ നൽകുന്ന ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ